പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ ബഡ്ജറിൽ വകകൊള്ളിച്ചിരുന്ന സംഖ്യ എത്ര വീതമായിരുന്നു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

ബഡ്ജറിൽ വക കൊള്ളിച്ചിരുന്ന തുക താഴെപ്പറയും പ്രകാരമാണ്.

| വർഷം | തുക ലക്ഷത്തിൽ |
|---|---|
| 1982-83 | 1678.435 |
| 1983-84 | 1903.827 |
| 1984-85 | 1973.478 |
| 1985-86 | 2104.574 |

പട്ടികജാതി വികസനവകുപ്പ് ചെലവഴിച്ച സംഖ്യ

84. [102] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വികസനവകുപ്പ് 1982-83, 1983-84, 1984-85, 1985-86 എന്നീ ഓരോ വർഷവും ചെലവഴിച്ച സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 1982-83 | 1879.539 |
| 1983-84 | 1718.527 |
| 1984-85 | 1754.658 |
| 1985-86 | 2509.566 |

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ചെലവഴിച്ച തുക

85. [103] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ ചെലവഴിച്ച സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

വ്യക്തമാക്കാം.,

| | |
|---|---|
| 1982-83 | 156.58 ലക്ഷം |
| 1983-84 | 143.00 ,, |
| 1984-85 | 506.70 ,, |
| 1985-86 | 369.59 ,, |

മേൽപ്പറഞ്ഞ തുകകൾ പദ്ധതികൾക്ക് മാത്രമായി ചെലവാക്കിയതാണ്. ഇതിൽ ഭരണച്ചെലവുകൾ ഉൾപ്പെടുന്നില്ല.

ഹരിജനക്ഷേമത്തിന് ബഡ്ജറിൽ വകയിരുത്തിയിരുന്ന തുക

86. [104] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83 മുതൽ 1985-86 വരെ ഓരോ സാമ്പത്തിക വർഷങ്ങളിലും ഹരിജനക്ഷേമത്തിന് ബഡ്ജറിൽ വകയിരുത്തിയിരുന്ന തുക

LIBRARY ARCHIVES Kerala Legislative Assembly

എത്ര വീതമെന്നും ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഹരിജനക്ഷേമത്തിന് വിലയിരുത്തിയ തുകയിൽ വല്ലതും ലാപ്സായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര വീതം ;

ഉത്തരം

| (എ) വർഷം | ആകെ ബഡ്ജറ്റിൽ കൊള്ളിച്ച തുക (ലക്ഷത്തിൽ) | കേന്ദ്ര വിഹിതം |
|---|---|---|
| 1982-83 | 2771.83 | 736.12 |
| 1983-84 | 3271.85 | 971.05 |
| 1984-85 | 3909.80 | 1082.00 |
| 1985-86 | 5481.50 | 2498.90 |

(ബി) ഉണ്ട്. 1982-83-ൽ ലാപ്സായിട്ടുണ്ട്.

(സി) 1982-83-ൽ 488.67 ലക്ഷം രൂപ.

പട്ടികജാതി ലിസ്റ്റിലെ സമാന്തര വിഭാഗങ്ങൾ

87. [105] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ടി. കുമാരൻ :
,, കെ. ടി. കണാരൻ :
,, വി. കെ. രാജൻ :
,, കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പട്ടികജാതി ലിസ്റ്റിൽ ഏതെല്ലാം സമാന്തര വിഭാഗങ്ങളെയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(ബി) ഇതിനും പുറമെ ഏതെല്ലാം വിഭാഗങ്ങളെക്കൂടി പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ് ഗവൺമെന്റ് ശുപാർശ ചെയ്തിട്ടുള്ളത് ;

(സി) പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്തിട്ടുള്ള വിഭാഗങ്ങളുടെ മൊത്തം ജനസംഖ്യ എത്ര ;

(ഡി) ഇവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള പട്ടികജാതിക്കാരുടെ ലിസ്റ്റ് അനുബന്ധം VII (എ) ആയി വച്ചിട്ടുണ്ട്. †

(ബി) പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്ത സമുദായങ്ങളുടെ പട്ടിക അനുബന്ധം VII (ബി) ആയി വച്ചിട്ടുണ്ട്. †

(സി) ഏതാണ്ട് ഒമ്പത് ലക്ഷം.

(ഡി) ഈ സമുദായക്കാർ പരമ്പരാഗതമായ അയിത്താചരണത്തിൽ നിന്നുളവായ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അങ്ങേയറ്റത്തെ പിന്നോക്കാവസ്ഥ അനുഭവിക്കുന്നു എന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടതിനാലാണ് ഇവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തത്.

† അനുബന്ധം VII



LIBRARY ARCHIVES Kerala Legislative Assembly